കേരള സർക്കാർ

നമ്പർ. 18161/ആർ.ഡി.3/2012/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി, 16/10/2012

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - രജിസ്ട്രാറുടെ അധികാരപരിധിയ്ക്ക് പുറത്തു നടക്കുന്ന മരണം രജിസ്റ്റർ ചെയ്യുന്നത് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. ഹൈക്കോടതിയുടെ 05/09/2011-ലെ W.A.No.1201/2008 മേലുള്ള വിധിന്യായം.

2. ചീഫ് ജനന-മരണ രജിസ്ട്രാറുടെ 15/03/2012-ലെ ബി1-4344/12 നമ്പർ കത്ത്

മറ്റ് സ്ഥലങ്ങളിൽ മരണം നടക്കുകയും ശവസംസ്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന കേസുകളിൽ മരണം സ്വന്തം സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുണ്ടാകുന്ന തടസ്സം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ച് സൂചന 1-ലെ അപ്പീലിലെ വിധിന്യായത്തിൽ പഞ്ചായത്ത് അതിർത്തിയ്ക്ക് വെളിയിൽ നടന്ന മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ബഹു.ഹൈക്കോടതി താഴെ പറയും പ്രകാരം വ്യക്തമാക്കി.

"1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് 7 (2)-ാം വകുപ്പ് പ്രകാരം ജനനവും മരണവും രജിസ്റ്ററിൽ ചേർക്കുന്നതും രജിസ്റ്ററാക്കുന്നതും സംബന്ധിച്ച് രണ്ട് പാദമായാണ് പറയുന്നത്. ആദ്യ പാദത്തിൽ ടി ആക്റ്റിലെ 8, 9 വകുപ്പുകൾ പ്രകാരം ലഭിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുക എന്നതും, രണ്ടാം പാദത്തിൽ രജിസ്ട്രാറുടെ സ്വന്തം അധികാര പരിധിയിൽ വരുന്ന ജനന-മരണങ്ങൾ സ്വയമേവ രജിസ്റ്ററിൽ ചേർക്കുക എന്നുള്ളതുമാണ്. അതായത് ആദ്യ പാദത്തിൽ രജിസ്ട്രാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ 8, 9 വകുപ്പുകൾ പ്രകാരം മറ്റാരെങ്കിലും മുഖേന തനിക്കു ലഭിക്കുന്ന വിവരം രേഖപ്പെടുത്താനും രണ്ടാം പാദത്തിൽ രജിസ്ട്രാർ തന്റെ അധികാര പരിധിയ്ക്കുള്ളിലെ എല്ലാ ജനന-മരണങ്ങളും സ്വയമേവ ബോധ്യപ്പെട്ട് രജിസ്റ്ററിൽ ചേർക്കാനും ബാധ്യസ്ഥനാണ്. ആയതിനാൽ പ്രസ്തുത വകുപ്പിന്റെ ആദ്യ പാദത്തിലെ പ്രവർത്തന വ്യാപ്തി രജിസ്ട്രാറുടെ അധികാര സീമയ്ക്കുള്ളിൽ മാത്രമായി ചുരുക്കപ്പെടുന്നില്ല. അതേ സമയം രണ്ടാം ഭാഗത്തിന്റെ വ്യാപ്തി രജിസ്ട്രാറുടെ അധികാര സീമയ്ക്കുള്ളിൽ മാത്രമായി ചുരുക്കപ്പെട്ടിരിക്കുന്നു. ഇവ തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ ആദ്യത്തേതിൽ അയാൾക്ക് വിവരങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നതെങ്കിൽ രണ്ടാമത്തേതിൽ വിവരങ്ങൾ അയാൾ സ്വയം അറിഞ്ഞ് ബോധ്യപ്പെടേണ്ടതാണ്. കൂടാതെ വകുപ്പ് 7 (2)-ന്റെ രണ്ടാം പാദം ആരംഭിക്കുന്നത് "ഇതിനു പുറമെ" (also) എന്ന പദത്തോടുകൂടി ആണ്. ഇത് അർത്ഥമാക്കുന്നത് ഒന്നാം പാദത്തിലെ കർത്തവ്യത്തിനു പുറമെയാണ് രണ്ടാം പാദത്തിലെ കർത്തവ്യമെന്നാണ്."

2. ബഹു.ഹൈക്കോടതിയുടെ മേൽ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെ പറയും പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു.

ജനന-മരണ രജിസ്ട്രാറുടെ അധികാര പരിധിയ്ക്ക് പുറത്താണ് മരണം നടന്നതെങ്കിൽ മരണം നടന്ന സ്ഥലത്ത് 1969-ലെ The Registration of Births & Deaths ആക്റ്റ് പ്രകാരം പ്രസ്തുത മരണം രജിസ്റ്റർ ചെയ്തിട്ടില്ല എങ്കിൽ ടി ആക്റ്റിലെ 8, 9 വകുപ്പുകൾ പ്രകാരം മരണം നടന്ന സ്ഥലത്ത് നിന്നു ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനന-മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ടി.ജെ. മാത്യു**
**സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്:
1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.